**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2216** **13-09-2023 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് നൽകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് നൽകി വരുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രവാസികൾക്ക് പുതിയതായി സേവനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സംസ്ഥാനത്ത് നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് നൽകി വരുന്ന സേവനങ്ങൾ

1. മടങ്ങിവരുന്ന കുടിയേറ്റക്കാരുടെ പുനരധിവാസം (എൻ.ഡി.പി.ആർ.ഇ.എം.)
2. പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി നോർക്ക-റൂട്ട്സ് ഓഫീസുകളും ജില്ലാ സെല്ലുകളും ശക്തിപ്പെടുത്തൽ
3. ജോബ് പോർട്ടൽ
4. 24 മണിക്കൂർ ഹെൽപ്പ് ലൈൻ / കാൾ സെന്റർ
5. പ്രവാസി നിയമ സഹായ സെൽ
6. സാന്ത്വന പദ്ധതി
7. പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുനഃസംയോജന പരിശീലനവും
8. വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള ധനസഹായം
9. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ
10. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റിനും വിസാപരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി
11. പ്രവാസി കേരളീയരുടെ പുനരധിവാസം, പുനഃഏകീകരണം, ഏകോപനം
12. വിമാനത്താവളത്തിലെ എമർജൻസി ആംബുലൻസ് സേവനം
13. പ്രവാസി മലയാളികളെ അടിയന്തര സാഹചര്യത്തിൽ തിരിച്ചുകൊണ്ടു വരാനുള്ള നിധി
14. നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി
15. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം.

കൂടാതെ നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, പ്രവാസി തിരിച്ചറിയൽ/ ഇൻഷ്വറൻസ് കാർഡ്, ഓവർസീസ് റിക്രൂട്ട്മെന്റ് സേവനങ്ങളും നൽകി വരുന്നു.

## പ്രവാസികളുടെ ക്ഷേമത്തിനായി പുതിയതായി നൽകുന്ന രണ്ടു സേവനങ്ങൾ

### 1) നോർക്ക ശുഭയാത്ര

അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ വിദേശ തൊഴിൽ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കുന്നതിനായി ഷെഡ്യൂൾഡ് ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ

കമ്പനികൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ രണ്ട് ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നോർക്ക ശുഭയാത്രയിൽ ചുവടെ ചേർക്കുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(i) **നോർക്ക ശുഭയാത്ര (Skilling Support Scheme)**

ഫോറിൻ എംപ്ലോയബിലിറ്റി സ്കില്ലിങ് അസിസ്റ്റൻസ് സോഫ്റ്റ് ലോൺ - വിദേശ രാജ്യങ്ങളിൽ തൊഴിലിന് ആവശ്യമായ നൈപുണ്യ പരിശീലനത്തിനായും, തൊഴിലുമായി ബന്ധപ്പെട്ട പരീക്ഷയുടെ ചിലവുകൾക്കായും നൽകുന്ന സോഫ്റ്റ് ലോൺ.

(ii) **നോർക്ക ശുഭയാത്ര (Travel Support Scheme)**

തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രിപ്പറേറ്ററി ചെലവുകൾ വഹിക്കാനായി നൽകുന്ന സോഫ്റ്റ് ലോൺ. രജിസ്റ്റേർഡ് റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന ലഭിക്കുന്ന ജോബ് ഓഫറിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വായ്പ.

പ്രസ്തുത പദ്ധതി മുഖാന്തിരമുള്ള വായ്പകളുടെ ആദ്യത്തെ ആറ് മാസത്തെ മുഴുവൻ പലിശയും 4 വർഷത്തേക്ക് 4% പലിശ സബ്സിഡിയും സർക്കാർ വഹിക്കുന്നു.

**2) നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ് മെന്റ് പദ്ധതി (NAME):-**

പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങിയെത്തിയവർക്ക് കേരളത്തിലുള്ള സംരംഭങ്ങളിൽ ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാൻ സഹായകരമായ നൂതന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവാസികളുടെ അറിവും അനുഭവപരിചയവും സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതോടൊപ്പം പ്രവാസികൾക്ക് കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയിൽ ഒരു വർഷം പൂർണ്ണമായും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് 100 ദിവസത്തെ വേതനം നിബന്ധനകൾക്ക് വിധേയമായി wage compensation ആയി നൽകുന്നതാണ്. 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ